വാർഷിക റിപ്പോർട്ട്

ANNUAL REPORT

2017-18

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

Feroke Co-operative Urban Bank Ltd.

നമ്പർ ഡി. 2640, ഹെഡ്ഓഫീസ്: ബസ് സ്റ്റാൻഡ് ബിൽഡിംഗ്, ഫറോക്ക് പി.ഒ. കോഴിക്കോട് ജില്ല., ഫോൺ HO : 0495 2480011, 2485922
ശാഖകൾ: മെയിൻ ബ്രാഞ്ച് (ഫോൺ: 2486311, 2486411)
രാമനാട്ടുകര (ഫോൺ: 2443522), അരീക്കാട് (ഫോൺ: 2420233), മണ്ണൂർ (ഫോൺ: 2473344),
ഫാറൂഖ് കോളേജ് (ഫോൺ: 2443055), ഫറോക്ക് ചുങ്കം (ഫോൺ: 2484866)

Customer Care: 9020703000 customercare@ferokebank.in

The joy of growing together

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി.2640
പി.ഒ. ഫറോക്ക്, കോഴിക്കോട് ജില്ല

പൊതുയോഗ നോട്ടീസ്

ബാങ്കിലെ എ ക്ലാസ്സ് അംഗങ്ങളുടെ ഇരുപത്തി നാലാമത് വാർഷിക പൊതുയോഗം 2018 സെപ്തംബർ മാസം 27 വ്യാഴാഴ്ച വൈകിട്ട് 3 മണിക്ക് ഫറോക്ക് സൂപ്പി ഹാജി സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് ചേരുന്നതാണ്. യോഗത്തിൽ ഹാജരാകുവാൻ എല്ലാ മാന്യ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ അംഗത്വം തെളിയിക്കുന്നതിനായി ഓഹരി സർട്ടിഫിക്കറ്റോ വായ്പ പാസ് ബുക്കോ ബാങ്കിൽ നിന്ന് ലഭിച്ച തിരിച്ചറിയൽ കാർഡോ കൊണ്ടുവരേണ്ടതാണ്. ബാങ്ക് പ്രവർത്തനത്തെ സംബന്ധിച്ച 2017-18 വർഷത്തെ റിപ്പോർട്ട് 20.09.2018 മുതൽ ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ചോദ്യങ്ങളും പ്രമേയങ്ങളും 25.09.2018 ചൊവ്വാഴ്ച പകൽ 12 മണിക്ക് മുൻപായി ബാങ്ക് ജനറൽ മാനേജർ വശം ലഭിച്ചിരിക്കേണ്ടതാണ്.

അജണ്ട

1. പ്രാർത്ഥന
2. സ്വാഗതം
3. അദ്ധ്യക്ഷന്റെ ആമുഖപ്രസംഗം
4. കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്സ് വായിച്ച് അംഗീകരിക്കൽ
5. പ്രവർത്തന റിപ്പോർട്ട് 2017-18
6. ആഡിറ്റ് റിപ്പോർട്ട് 2017-18; ന്യൂനത പരിഹാരം
7. 2017-18 വർഷത്തെ ആഡിറ്റ് റിപ്പോർട്ടനുസരിച്ചുള്ള ലാഭവിഭജനം

8 സപ്ലിമെന്ററി ബഡ്ജറ്റ് 2017-18

9. ബഡ്ജറ്റ് 2019-20
10. ഓഡിറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

11 ചോദ്യങ്ങൾ; പ്രമേയങ്ങൾ

12 അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

13 നന്ദി പ്രകടനം

ഭരണസമിതി തീരുമാനപ്രകാരം
(ഒപ്പ്) ജനറൽ മാനേജർ

ഫറോക്ക്
10.09.2018

നിയമാവലി ഭേദഗതി ശുപാർശകൾ പൂർണമായി ഈ റിപ്പോർട്ട് പുസ്തകത്തിന്റെ അവസാന ഭാഗത്ത് നൽകിയിട്ടുണ്ട്.

ESTD : 1995

റിപ്പോർട്ട് വർഷാരംഭത്തിൽ നിലവിൽ ഉണ്ടായിരുന്ന ഭരണസമിതി

പേര്	സ്ഥലം	സ്ഥാനം	ഫോൺ നമ്പർ
1. ശ്രീ. അബ്ദുൾ വാരിദ് പി.	ഫറോക്ക്	പ്രസിഡന്റ്	9544848344
2. ശ്രീ. ബാലഗംഗാധരൻ. കെ	പെരുമുഖം	വൈ. പ്രസിഡന്റ് (ബാങ്കിംഗ് പ്രൊഫഷണൽ സംവരണം)	9847304177
3. ശ്രീ. എം.സി.മായിൻ ഹാജി	നല്ലളം	ഡയറക്ടർ	9447022908
4. ശ്രീ. അബ്ദുൾ കരീം വി.സി.	കടലുണ്ടി	ഡയറക്ടർ	9895460571
5. ശ്രീ. ആലിക്കുട്ടി കെ.കെ.	ഫാറൂഖ് കോളേജ്	ഡയറക്ടർ	9061045925
6. ശ്രീമതി. ഗിരിജ. കെ	കരുവൻതിരുത്തി	ഡയറക്ടർ (വനിതാ സംവരണം)	9142418546
7. ശ്രീ. ഗോപാലകൃഷ്ണൻ വി.സി.	ഫാറൂഖ് കോളേജ്	ഡയറക്ടർ	9846180557
8. ശ്രീ. പി.കോയക്കുട്ടി	ഫാറൂഖ് കോളേജ്	ഡയറക്ടർ (ബാങ്കിംഗ് പ്രൊഫഷണൽ സംവരണം)	9446259104
9. ശ്രീമതി. ലൈല കെ.	ചെറുവണ്ണൂർ	ഡയറക്ടർ (വനിതാ സംവരണം)	9895419204
10. ശ്രീ. മുഹമ്മദ്ഹസ്സൻ വി. (രാജിവെച്ചു)	ഫറോക്ക്	ഡയറക്ടർ	9846677020
11. ശ്രീ. മനോഹരൻ കെ. പി.	മണ്ണൂർ	ഡയറക്ടർ (SC/ST സംവരണം)	9495257535
12. ശ്രീ. ഫൽഗുനൻ സി.	വട്ടപ്പറമ്പ്	ഡയറക്ടർ	9947808180
13. ശ്രീമതി. സീനത്ത് എ.	പുല്ലുംകുന്ന്	ഡയറക്ടർ (വനിതാ സംവരണം)	9846716010

ജനറൽ മാനേജർ: രാജേഷ്. കെ. (9446 41 31 34)

12.05.2018 ന് നിലവിൽ വന്ന ഭരണസമിതി

പേര്	സ്ഥലം	സ്ഥാനം	ഫോൺ നമ്പർ
1. ശ്രീ. അബ്ദുൾ വാരിദ് പി.	ഫറോക്ക്	പ്രസിഡന്റ്	9544848344
2. ശ്രീ. വിജയൻ കെ.എ.	നല്ലൂർ	വൈ. പ്രസിഡന്റ്	9847209145
3. ശ്രീ. ആലിക്കുട്ടി കെ.കെ.	ഫാറൂഖ് കോളേജ്	ഡയറക്ടർ	9061045925
4. ശ്രീ. അബ്ദുൾ കരീം വി.സി.	കടലുണ്ടി	ഡയറക്ടർ	9895460571
5. ശ്രീ. ഗോപി കെ.	രാമനാട്ടുകര	ഡയറക്ടർ (SC/ST സംവരണം)	9562466696
6. ശ്രീ. പി. കോയക്കുട്ടി	ഫാറൂഖ് കോളേജ്	ഡയറക്ടർ (ബാങ്കിംഗ് പ്രൊഫഷണൽ സംവരണം)	9446259104
7. ശ്രീമതി. ലൈല കെ.	ചെറുവണ്ണൂർ	ഡയറക്ടർ (വനിതാ സംവരണം)	9895419205
8. ശ്രീ. മെയ്തീൻ പി.പി.	നല്ലളം	ഡയറക്ടർ	9847521203
9. ശ്രീ. ഫൽഗുനൻ സി.	വട്ടപറമ്പ്	ഡയറക്ടർ	9947808180
10. ശ്രീ. രത്നാകരൻ എൻ.	ചെറുവണ്ണൂർ	ഡയറക്ടർ	9895678010
11. ശ്രീമതി. സീനത്ത് എ.	പുല്ലുംകുന്ന്	ഡയറക്ടർ (വനിതാ സംവരണം)	8606005336
12. ശ്രീമതി. ഷഹലാ ജുബിൻ എ.	കടലുണ്ടി	ഡയറക്ടർ (വനിതാ സംവരണം)	9961494804
13. ശ്രീ. വീരാൻ വേങ്ങാട്ട്	ഫറോക്ക്	ഡയറക്ടർ (ബാങ്കിംഗ് പ്രൊഫഷണൽ സംവരണം)	9446783363

ജനറൽ മാനേജർ: രാജേഷ്. കെ. (9446 41 31 34)

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി.2640
പി.ഒ. ഫറോക്ക്, കോഴിക്കോട് ജില്ല

2017-2018 വർഷത്തെ പ്രവർത്തനറിപ്പോർട്ട്

1. ആമുഖം

1995 മാർച്ച് 22ന് റജിസ്റ്റർ ചെയ്യുകയും 28.11.1995-ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും UBD.KER.1183P നമ്പർ ആയി ബാങ്കിംഗ് ലൈസൻസ് ലഭിക്കുകയും ചെയ്ത നമ്മുടെ ബാങ്ക് വളർച്ചയുടെ ഒരുപടവുകൂടി പിന്നിടുകയാണ്. 1996 ജനുവരി 3 ന് ശ്രീ. ഇ. അഹമ്മദ് എം.പി. യാണ് ബാങ്കിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്.

ഇടപാടുകാരുടെയും ഓഹരിയുടമകളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ഇരുപത്തിയൊന്ന് വർഷം പിന്നിടുന്ന ബാങ്കിന്റെ 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നത് അതിയായ അഭിമാനത്തോടെയാണ്.

ഫറോക്ക്, രാമനാട്ടുകര മുനിസിപ്പാലിറ്റികളും കടലുണ്ടി ഗ്രാമപഞ്ചായത്തും കോഴിക്കോട് കോർപ്പറേഷനിൽപെടുന്ന ചെറുവണ്ണൂർ വില്ലേജും ചേരുന്നതാണ് ബാങ്കിന്റെ പ്രവർത്തന പരിധി.

ഹെഡ് ഓഫീസിനു പുറമെ ഫറോക്ക്, രാമനാട്ടുകര, അരീക്കാട്, മണ്ണൂർ, ഫാറൂഖ് കോളേജ്, ഫറോക്ക് ചുങ്കം എന്നിവിടങ്ങളിലായി ആറ് ശാഖകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

2. അംഗത്വം; ഓഹരി മൂലധനം

31.03.2018 ലെ അംഗത്വം, ഓഹരി മൂലധനം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു (രൂപ ലക്ഷത്തിൽ). ആകെ ഓഹരി മൂലധനം 490.99 ലക്ഷം രൂപയാണ്.

	എ. ക്ലാസ്		സി. ക്ലാസ്	
	എണ്ണം	ഓഹരി തുക	എണ്ണം	ഓഹരി തുക
പുരുഷൻമാർ	8765	237.55	2958	89.45
വനിതകൾ	3433	132.21	982	26.79
എസ്.സി/എസ്.ടി അംഗങ്ങൾ	476	6.91	106	2.96
ആകെ അംഗങ്ങൾ	**12198**	**369.75**	**3940**	**116.24**

അർബൻ സഹകരണ ബാങ്കുകൾക്ക് ഓഹരി മൂലധനം നൽകുന്ന സംസ്ഥാന സർക്കാറിന്റെ പദ്ധതി പ്രകാരം ബാങ്കിന് റിപ്പോർട്ട് വർഷം 5 ലക്ഷം രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. ഈ ഇനത്തിൽ31.03.2018 ന് 5 ലക്ഷം രൂപ ബാക്കി നിൽപുണ്ട്.

31.08.2018ന് ആകെ ഓഹരി മൂലധനം 473.08 ലക്ഷം രൂപയാണ്.

ബാങ്കിന്റെ പ്രവർത്തനപുരോഗതിയ്ക്കുവേണ്ടി കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഓഹരി മൂലധനം ഇനിയും സമാഹരിക്കുകയും ചെയ്യേണ്ടതുണ്ട്. അംഗങ്ങൾക്ക് ബാങ്കിന്റെ പ്രവർത്തനപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ലാഭവിഹിതം നൽകുവാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

3. നിക്ഷേപങ്ങൾ

ബാങ്കിന്റെ പ്രവർത്തനമൂലധനത്തിന്റെ മുഖ്യപങ്കും അംഗങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഉള്ള നിക്ഷേപങ്ങളാണ്. നിക്ഷേപങ്ങളിൽ റിപ്പോർട്ട് വർഷത്തിൽ 1374.00 ലക്ഷം രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നിക്ഷേപകരുടെ എണ്ണത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇടപാടുകാർക്ക് നൽകുന്ന മികച്ച സേവനം, കുറഞ്ഞ സർവ്വീസ് ചാർജ്ജുകൾ, സുതാര്യത, ആകർഷകമായ പലിശ നിരക്ക്, അതുല്യമായ നിക്ഷേപ പദ്ധതികൾ എന്നിവ ബാങ്കിലേക്ക് ഇടപാടുകാരെ ആകർഷിക്കുന്നുണ്ട്. ആർ.ബി.ഐയുടെ സബ്സിഡിയറിയായ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ നിക്ഷേപങ്ങൾക്കു നൽകുന്ന ഇൻഷ്വറൻസ് പരിരക്ഷയും ബാങ്കിന് നിക്ഷേപകരെ നേടിത്തരുന്നുണ്ട്.

കൂടാതെ CTS ക്ലിയറിംഗ്, ഇലക്ട്രോണിക് ക്ലിയറിംഗ് സർവ്വീസ് (ECS), ACH ഉൾപ്പടെയുള്ള NPCI സംവിധാനങ്ങൾ, കുറഞ്ഞ ചാർജ്ജോടെയും വേഗത്തിലുമുള്ള ഔട്ട് സ്റ്റേഷൻ ചെക്ക്/ഡി.ഡി. കലക്ഷൻ

എന്നീ സൗകര്യങ്ങളും ഇടപാടുകാർക്ക് നൽകിവരുന്നുണ്ട്. ചെന്നൈ ഗ്രിഡ് CTS ക്ലിയറിംഗ് ഹൗസിൽ സബ് മെമ്പർഷിപ്പുള്ള ബാങ്കായതിനാൽ ദക്ഷിണേന്ത്യയിലെ ഏതു ബാങ്ക് ബ്രാഞ്ചിന്റെ ചെക്കും അതിവേഗത്തിൽ ചാർജ്ജുകൾ ഇല്ലാതെ കലക്ഷനാക്കുവാൻ സാധിക്കുന്നു. കൂടാതെ പൂർണ്ണമായ അർത്ഥത്തിൽ RTGS / NEFT സംവിധാനം (Outward / In ward) ബാങ്കിൽ നിലവിൽ വന്നിട്ടുണ്ട്.

നിക്ഷേപകർക്കുള്ള സേവനങ്ങളുടെ മേൽനോട്ടത്തിനും നിക്ഷേപ സമാഹരണത്തിനുമായി ഒരു സീനിയർ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക നിക്ഷേപ വിഭാഗം പ്രവർത്തിച്ചുവരുന്നു.

നിക്ഷേപങ്ങൾ – കൂടുതൽ വിവരങ്ങൾ (രൂപ ലക്ഷത്തിൽ)

ഇനവിവരം	31.03.2016	31.03.2017	31.03.2018
1. Term Deposits	9769.96	9381.85	11128.21
2. Demand Deposits (Low cost)	1722.43	2720.21	2278.74
ആകെ	**11492.39**	**12102.06**	**13406.95**

നിക്ഷേപങ്ങളിൽ സിംഹഭാഗവും ഉയർന്ന പലിശനിരക്കുള്ള സ്ഥിരനിക്ഷേപങ്ങളാണ്. പലിശ കുറഞ്ഞ (Low Cost) നിക്ഷേപങ്ങൾ കൂടുതൽ സമാഹരിക്കുന്നതിനുള്ള ബാങ്കിന്റെ ശ്രമങ്ങൾ വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. സീറോ ബാലൻസ് സേവിംഗ്സ് അക്കൗണ്ടുകളും ജൂനിയർ സേവിംഗ്സ് അക്കൗണ്ടുകളും ഈ വഴിക്കുള്ള ഒരു ശ്രദ്ധേയമായ ചുവടുവെയ്പാണ്. 31.08.2018ന് ബാങ്കിന്റെ മൊത്തം നിക്ഷേപം 13476.06 ലക്ഷം രൂപയാണ്.

4. വായ്പകൾ

2017-18 സാമ്പത്തിക വർഷത്തിൽ മൊത്തം വായ്പകളുടെ കാര്യത്തിൽ 30.71 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർഷത്തിൽ ആകെ 144.39 കോടി രൂപ വിവിധയിനം വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. നിയമപ്രകാരമുള്ള നിഷ്ക്രിയ ആസ്തി കരുതലായ 162.98 ലക്ഷം രൂപയേക്കാൾ 2.00 ലക്ഷം രൂപ ഈയിനത്തിൽ അധികമായി വകയിരുത്തിയിട്ടുണ്ട്. നിഷ്ക്രിയ ആസ്തി പലിശയ്ക്കുള്ള കരുതലായി 78.66 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 31.03.2018 ന് ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തികൾ 856.22 ലക്ഷം രൂപയാണ്. വായ്പാ അവധി ബാക്കി 790.91 ലക്ഷം രൂപയാണ്.

വായ്പകൾ: കൂടുതൽ വിവരങ്ങൾ (രൂപ ലക്ഷത്തിൽ)

ഇനവിവരം	31.03.2016	31.03.2017	31.03.2018
വസ്തുപണയവായ്പ	3485.65	4633.82	4574.39
സ്വപ്ന ഗൃഹം ഭവന വായ്പ	382.68	499.30	547.54
ആൾജാമ്യ വായ്പകൾ	344.18	342.25	226.91
നിക്ഷേപവായ്പകൾ	67.74	60.70	69.11
സ്വർണപണയ വായ്പകൾ	1093.57	1536.37	1664.06
ബിസിനസ്സ് ക്യാഷ് ക്രെഡിറ്റ്	1222.00	1436.56	1425.49
മിത്ര ഗ്രൂപ്പ് ലോൺ	54.01	47.86	27.66
മറ്റു വായ്പകൾ	207.82	236.85	289.26
ആകെ	**6857.65**	**8793.71**	**8824.42**

വായ്പാ വിതരണം സുഗമമാക്കുന്നതിനായി ഭരണസമിതി തലത്തിൽ പ്രത്യേക വായ്പാ സബ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. പ്രത്യേക വായ്പാ വിഭാഗത്തിന്റെ നേതൃത്വത്തിൽ വായ്പാവിതരണത്തിനും നിഷ്ക്രിയ ആസ്തി തിരിച്ചുപിടിക്കുന്നതിനുമുള്ള ഊർജ്ജിത നടപടികൾ നടന്നുവരുന്നു. RBI യുടെ നിഷ്ക്രിയ ആസ്തി നിബന്ധനകൾ കൂടുതൽ കർശനമാക്കിയിരിക്കുന്നതിനാൽ ബാങ്കിൽ നിന്നുമെടുത്ത വായ്പകൾ കൃത്യമായി തിരിച്ചടച്ച് ബാങ്കിനെസഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

31.08.2018ന് ബാങ്കിന്റെ മൊത്തം വായ്പാ ബാക്കിനിൽപ് 8587.79 ലക്ഷം രൂപയാണ്.

5. ഇൻവെസ്റ്റ്മെന്റുകൾ

ബാക്കി നിൽപ്പുവായ്പകൾ കഴിച്ചുള്ള അധിക വിഭവങ്ങൾ ലാഭകരമായും നിയമാനുസൃതമായും നിക്ഷേപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ഭരണസമിതിയംഗങ്ങളും ബന്ധപ്പെട്ട ജീവനക്കാരും ഉൾപ്പെടുന്ന ഇൻവെസ്റ്റ്മെന്റ് സബ്കമ്മിറ്റി നിലവിൽ പ്രവർത്തിച്ചു വരുന്നു. മേൽ ആവശ്യത്തിനുവേണ്ടി ഒരു നയരേഖ (Investment Policy) യും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ഇൻവെസ്റ്റുമെന്റുകൾ (രൂപ ലക്ഷത്തിൽ)

	31.03.2016	31.03.2017	31.03.2018
ഗവൺമെന്റ് സെക്യൂരിറ്റികൾ	3110.80	3060.42	3224.59
സ്ഥിരനിക്ഷേപം – KDC ബാങ്ക്	1365.00	350.00	1301.87
SB/കറന്റ് അക്കൗണ്ട് – KDC ബാങ്ക്	358.89	73.73	217.85
കറന്റ് അക്കൗണ്ട് – KSC ബാങ്ക്	25.42	42.05	150.53
കറന്റ് അക്കൗണ്ട് – മറ്റു ബാങ്കുകൾ	233.13	236.18	495.38
റിസർവ്വ് ഫണ്ട് നിക്ഷേപം – KDCB	130.26	137.90	148.73
ജീവനക്കാരുടെ PF നിക്ഷേപം – KDCB	43.38	66.37	66.37
ജീവനക്കാരുടെ SD നിക്ഷേപം – KDCB	1.11	1.16	1.51
ജില്ലാ ബാങ്കിന്റെ ഓഹരി	50.10	50.10	50.10
ബിൽഡിംഗ് ഫണ്ട് നിക്ഷേപം	–	8.98	8.98
ആകെ	**5318.09**	**4026.89**	**5665.91**

6. കടബാധ്യതകൾ

അർബൻ സഹകരണ ബാങ്കുകൾക്ക് ഓഹരി മൂലധനം നൽകുന്ന സംസ്ഥാന സർക്കാറിന്റെ പദ്ധതി പ്രകാരം ബാങ്കിന് റിപ്പോർട്ട് വർഷം 5 ലക്ഷം രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. ഈ ഇനത്തിൽ31.03.2018 ന് 5 ലക്ഷം രൂപ ബാക്കി നിൽപുണ്ട്.

7. ഓഡിറ്റ്

ബാങ്കിന്റെ കൺകറന്റ് ഓഡിറ്ററായി സഹകരണസംഘം അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) സേവനമനുഷ്ഠിച്ചു വരുന്നു. റിപ്പോർട്ട് വർഷത്തിൽ ഓഡിറ്റ് ഫീസായി 6,73,134/– രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്.

ഇൻകം ടാക്സ് റിട്ടേണുകൾ തയ്യാറാക്കുന്നതിനുവേണ്ടി ബാങ്കിന്റെ ടാക്സ് ഓഡിറ്റ് നടത്തുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റായ ശ്രീ. എം.എസ്. ശേഷൻ (മഞ്ചേരി) ആണ്.

റിസർവ് ബാങ്കിന്റെ നിബന്ധനകൾക്കനുസരിച്ച് ബാങ്കിന്റെ കണക്കുകൾ ആഡിറ്റ്ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുകളായ M/S Babu Joseph & Co. ആണ്.

8. സെയിൽ ഓഫീസർ

ബാങ്കിന്റെ അവധി ബാക്കി വായ്പകൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾക്കുവേണ്ടി സഹകരണ വകുപ്പിൽ നിന്നും സ്പെഷൽ ഗ്രേഡ് ഇൻസ്പെക്ടർ/സെയിൽ ഓഫീസറുടെ സേവനം ഭാഗികമായി വിട്ടുകിട്ടിയിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ സെയിൽ ഓഫീസർ കോസ്റ്റ് ആയി 5,37,962/– രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്.

9. പ്രവർത്തനമൂലധനം

റിപ്പോർട്ട് വർഷാവസാനം ബാങ്കിന്റെ പ്രവർത്തനമൂലധനം 15,060.84 ലക്ഷം രൂപയാണ്. (RBI നിബന്ധനകൾ അനുസരിച്ച്)

10. ക്ലാസിഫിക്കേഷൻ

1. കേരള സഹകരണ നിയമമനുസരിച്ചുള്ള ക്ലാസിഫിക്കേഷൻ: ക്ലാസ് I സ്പെഷ്യൽ ഗ്രേഡ്
2. ഓഡിറ്റ് ക്ലാസിഫിക്കേഷൻ: 'എ

11. ലാഭം

നിയമപ്രകാരമുള്ള എല്ലാ കരുതലുകളും അധിക കരുതലുകളും വകയിരുത്തിയശേഷം ഓഡിറ്റ് റിപ്പോർട്ട്

പ്രകാരം ബാങ്കിന്റെ അറ്റലാഭം 31.03.2018ന് 45.39 ലക്ഷം രൂപയാണ്.

12. റിസർവ്വ് ബാങ്ക് നിബന്ധനകൾ

- ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ നിബന്ധനകൾ അനുസരിച്ച് ബാങ്ക് സൂക്ഷിക്കേണ്ട കരുതൽ (CRR/SLR) കൃത്യമായി സൂക്ഷിച്ചു വരുന്നു.
- മൂലധനപര്യാപ്തതാ (Capital Adequacy) ശതമാനനിബന്ധന 9 ശതമാനമാണ്. നമുക്ക് റിപ്പോർട്ട് വർഷാവസാനം 9.91% മൂലധനപര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്
- Net NPA ശതമാനം 5ൽ താഴെ ആയിരിക്കണമെന്നാണ് നിബന്ധന. ഇത് നമ്മുടെ ബാങ്കിന് 7.98% ആണ്.
- മൊത്തം ബാധ്യതകളുടെ 19.50% ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് RBI നിഷ്കർഷിക്കുന്നു. ബാങ്ക് മൊത്തം ബാധ്യതകളുടെ 22.00% ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചിട്ടുണ്ട്
- വായ്പാ നിക്ഷേപ അനുപാതം 70% ആയിരിക്കണമെന്നാണ് റിസർവ്വ് ബാങ്ക് നയം. ഇത് ബാങ്കിന് 31.03.2018 ന് 65.48 ശതമാനമാണ്.

പ്രവർത്തനപുരോഗതിയുടെയും മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചതിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ ബാങ്ക് സംസ്ഥാനത്തെ മികച്ച സഹകരണ അർബൻ ബാങ്കുകളിൽ ഒന്നെന്ന സ്ഥാനത്തിന് അർഹമായിട്ടുണ്ടെന്നതും അഭിമാനകരമാണ്.

13. ഇൻസ്പെക്ഷൻ

2017 ജൂൺ മാസത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഉദ്യോഗസ്ഥർ നടത്തിയ ഇൻസ്പെക്ഷനു ശേഷം ബാങ്കിന്റെ പ്രവർത്തനപുരോഗതിക്കുതകുന്ന നിരവധി നിർദ്ദേശങ്ങളടങ്ങിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് അയച്ചുകിട്ടുകയുണ്ടായി. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ച കാര്യങ്ങൾ ബാങ്കിൽ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

സംസ്ഥാനസഹകരണ വകുപ്പ് നടത്തുന്ന പതിവ് പരിശോധനകൾ ബാങ്കിൽ നടക്കാറുണ്ട്. ഇത്തരം പരിശോധനകൾക്കുശേഷം ലഭിക്കുന്ന റിപ്പോർട്ടുകളിൽ വേണ്ട നടപടികൾ ഭരണസമിതി ചർച്ച ചെയ്ത് നടപ്പിലാക്കാറുണ്ട്.

ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അംഗങ്ങളുടെയും ഇടപാടുകാരുടെയും നിർലോഭമായ സഹകരണം ലഭിച്ചിട്ടുണ്ടെന്ന് നന്ദിപൂർവ്വം സ്മരിക്കുന്നു.

14. ഇൻഷ്വറൻസ്

1. Deposit Insurance and Credit Guarantee Corporation Act ന് വിധേയമായി ബാങ്കിന്റെ നിക്ഷേപങ്ങൾ ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിന് രണ്ട് അർധ വർഷങ്ങളിലായി 14,17,484 രൂപ പ്രീമിയം ഇനത്തിൽ കോർപ്പറേഷന് അടവാക്കിയിട്ടുണ്ട്.
2. ബാങ്കിന്റെ ആസ്തികൾ, Cash-in-Transit, സേഫ് റൂമിലെ സ്വർണം, പണം എന്നിവയ്ക്ക് മുഴുവനായും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സേവനം ലഭ്യമാക്കുന്നത് സർക്കാർ സ്ഥാപനമായ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയാണ്.

15. ഭരണസമിതി/ജനറൽ ബോഡി

ഏറ്റവും ഒടുവിലെ നിയമാവലി ഭേദഗതിയനുസരിച്ച് ഭരണസമിതിയംഗങ്ങളുടെ എണ്ണം 13 ആണ്. ഇതിൽ ഒരു സീറ്റ് SC/ST അംഗങ്ങൾക്കും മൂന്ന് സീറ്റ് വനിതകൾക്കും ഒരു സീറ്റ് നിക്ഷേപകരായ അംഗങ്ങൾക്കും രണ്ട് സീറ്റുകൾ ബാങ്കിംഗ്/ആഡിറ്റിംഗ്/നിമയരംഗങ്ങളിലെ പ്രൊഫഷണലുകൾക്കും മുൻപരിചയമുള്ളവർക്കുമായി സംവരണം ചെയ്തിരിക്കുന്നു.

ഏറ്റവുമൊടുവിൽ ബാങ്ക് ജനറൽ ബോഡി നടന്നത് 28.09.2017നാണ്. റിപ്പോർട്ട് വർഷത്തിൽ മൊത്തം 15 ഭരണസമിതി യോഗങ്ങൾ നടന്നു.

26.05.2013ന് നടന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുകയും 27.05.2013ന് അധികാരമേൽക്കുകയും ചെയ്ത ഭരണസമിതിയാണ് റിപ്പോർട്ട് വർഷത്തിൽ അധികാരത്തിലുണ്ടായിരുന്നത്.

12.05.2018ന് അധികാരമേറ്റ പുതിയ ഭരണസമിതിയിൽ പ്രസിഡണ്ട് ശ്രീ. അബ്ദുൾ വാരിദും വൈസ് പ്രസിഡണ്ട് ശ്രീ. കെ.എ. വിജയനുമാണ് നയിക്കുന്നത്.

ESTD : 1995

16. റിട്ടേണുകൾ/സ്റ്റേറ്റ്മെന്റുകൾ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, സഹകരണ വകുപ്പ്, ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ്, ആദായ നികുതി വകുപ്പ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് സമർപ്പിക്കേണ്ട വിവിധ റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും സമയാസമയങ്ങളിൽ കൃത്യമായി അയച്ചുവരുന്നു. RBI യ്ക്ക് അയക്കേണ്ട മിക്കവാറും എല്ലാ റിട്ടേണുകളും ഇപ്പോൾ Online ആയാണ് അയച്ചുവരുന്നത്.

17. ക്ലിയറിംഗ് ഹൗസ്

ബാങ്ക് മുൻപ് അംഗമായിരുന്ന കോഴിക്കോട് MICR ക്ലിയറിംഗ് ഹൗസ് പിരിച്ചുവിട്ടു ചെന്നൈ ഗ്രിഡ് CTS ക്ലിയറിംഗ് ഹൗസിൽ ലയിപ്പിച്ചതിനെ തുടർന്ന് ബാങ്ക് ഇമേജ് ബെയ്സ്ഡ് ക്ലിയറിങ്ങ് ഹൗസായ ചെന്നൈ GRID-CTS ക്ലിയറിംഗ് ഹൗസിൽ അംഗത്വം എടുത്തിട്ടുണ്ട് (Sub - Membership) ഇതിനുവേണ്ട Online, Networking സംവിധാനങ്ങൾ ബാങ്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടപാടുകരുടെ ചെക്കുകൾ വേഗത്തിലും ചെലവുകുറഞ്ഞ രീതിയിലും കലക്ഷനാക്കുവാൻ ഇപ്പോൾ സാധിക്കും. കൂടാതെ ദക്ഷിണേന്ത്യമുഴുവനും കൽക്കത്തയും ഉൾപ്പെടുന്ന വലിയ മേഖല മുഴുവനായും ചെന്നൈ ക്ലിയറിംഗ് ഹൗസിൽ ഉൾപ്പെടുന്നുണ്ട് എന്നതിനാൽ ചെന്നൈ CTS ക്ലിയറിംഗ് ഹൗസിലെ അംഗത്വം അഭിമാനകരവും കൂടെയാണ്.

ബാങ്ക് നേരത്തെ അംഗമായിരുന്ന തിരുവനന്തപുരം റീജിയണൽ ഇ.സി.എസ്. ക്ലിയറിംഗ് ഹൗസ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. ആർ.ഇ.സി.എസ്. പ്രവർത്തനം റിസർവ്വ് ബാങ്ക് നേരിട്ടാണ് നടത്തിയിരുന്നത്. ഇപ്പോൾ ഇ.സി.എസ്. പ്രവർത്തനങ്ങൾ നാഷണൽ പേമെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ചെന്നൈയിലെ നാഷണൽ ഓട്ടോമാറ്റഡ് ക്ലിയറിംഗ് ഹൗസാണ് നടത്തുന്നത്. ബാങ്ക് എൻ.എ.സി.എച്ച്. ൽ അംഗമാണ്. ആധാർ പേമെന്റ് ബ്രിഡ്ജ് AEPS തുടങ്ങിയ പേമെന്റ് ചാനലുകളിലും ബാങ്കിന് അംഗത്വം ലഭിച്ചിട്ടുണ്ട്.

18. നാഷനൽ പെയ്മെന്റ് സിസ്റ്റം

ഇടപാടുകാർക്ക് അവരുടെ സാമ്പത്തിക ഇടപാടുകൾ വളരെ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനായി ബാങ്ക് നാഷനൽ പേമെന്റ് സിസ്റ്റം (NPS)ൽ അംഗത്വം നേടിയിട്ടുണ്ട്. ഇതു വഴി RTGS/NEFT ഇടപാടുകൾ (Inward and Outward) നടത്താൻ സാധിക്കും. ബാങ്കിന് സ്വന്തമായി IFS കോഡ് അനുവദിച്ചുകിട്ടിയിട്ടുണ്ട്. (FDRL 012 FCUB). ഇടപാടുകാർക്ക് സ്വന്തം അക്കൗണ്ടിലേക്ക് പണം സ്വീകരിക്കാനും മറ്റ് അക്കൗണ്ടുകളിലേക്ക് പണം അയക്കുന്നതിനും (ഇന്ത്യയിൽ എവിടേക്കും)ഇതു വഴി സാധിക്കും.

19. എ.ടി.എം. സംവിധാനം

ബാങ്ക് മാനേജ്മെന്റിന്റെയും ഇടപാടുകാരുടെയും ചിരകാലാഭിലാഷമായ എ.ടി.എം. സംവിധാനം ബാങ്കിൽ നടപ്പിലാകുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ വന്നത് പരിഹരിച്ചു കഴിഞ്ഞിരിക്കുകയാണ്. ദേശസാൽകൃതബാങ്കുകൾ ഉൾപ്പെട്ട എടിഎം നെറ്റ്വർക്കിൽ ബാങ്കിന് അംഗത്വം ലഭിച്ചുകഴിഞ്ഞു. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഈ സംവിധാനം നിലവിൽ വന്നാൽ ബാങ്കിന്റെ ഇടപാടുകാർക്ക് ഏത് A.T.M ൽ നിന്നും നമ്മുടെ കാർഡ് ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയും. കൂടാതെ ഷോപ്പിംഗിനു വേണ്ടിയും ഓൺലൈൻ പർച്ചേസിനും ഉപയോഗിക്കാൻ കഴിയുന്ന Rupay Card ആണ് ബാങ്ക് ഇടപാടുകാർക്കായി ഒരുക്കുന്നത്.

മണ്ണൂർ ബ്രാഞ്ചിലും, ഫറോക്ക് ചുങ്കം ബ്രാഞ്ചിലും എ.ടി.എം. സ്ഥാപിച്ചിട്ടുണ്ട്.

20. ശാഖകൾ

മെയിൻ ബ്രാഞ്ച് ഉൾപ്പെടെ ഇപ്പോൾ ബാങ്കിന് ആറ് ശാഖകൾ ആണ് പ്രവർത്തിച്ചുവരുന്നത്. 27.02.2016ന് പാർലമെന്റംഗം ശ്രീ. എം.കെ. രാഘവൻ ഉൽഘാടനം ചെയ്ത ഫറോക്ക് ചുങ്കം ശാഖയാണ് ഏറ്റവും ഒടുവിൽ പ്രവർത്തനം ആരംഭിച്ചത്. ഓരോ ശാഖയിലും നാലുവീതം ജീവനക്കാർ ജോലി ചെയ്തുവരുന്നു. റിപ്പോർട്ട് വർഷത്തിൽ എല്ലാ ശാഖകളും മികച്ച പ്രവർത്തനമാണ് കാഴ്ച വെച്ചത്.

ബ്രാഞ്ചുകളുടെ സാമ്പത്തിക അവലോകനം (രൂപ ലക്ഷത്തിൽ)

	നിക്ഷേപം			വായ്പ		
	31.03.2016	31.03.2017	31.03.2018	31.03.2016	31.03.2017	31.03.2018
മെയിൻ ബ്രാഞ്ച്	6,284.86	6,317.93	6,427.75	3,153.24	3,302.98	2,922.75
രാമനാട്ടുകര	2,146.91	2,320.39	2,852.40	998.33	1,203.64	1,135.06
അരീക്കാട്	1,424.39	1,013.95	996.78	1,300.53	1,470.71	1,456.57
മണ്ണൂർ	1,041.35	1,375.58	1,755.63	936.75	1,120.38	1,156.82
ഫാറൂഖ് കോളജ്	459.96	675.33	800.53	382.46	839.70	919.57
ഫറോക്ക് ചുങ്കം	134.92	398.88	570.73	86.34	856.31	1,087.44
ആകെ	**11,492.39**	**12,102.06**	**13,403.82**	**6,857.65**	**8,793.71**	**8,678.21**

21. മറ്റുകാര്യങ്ങൾ

- RBI യുടെ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് നിർമ്മിച്ച സ്ട്രോംഗ് റൂമുകൾ ഉയർന്ന നിലവാരമുള്ള സെക്യൂരിറ്റി സിസ്റ്റം ഉപയോഗിച്ച് കൂടുതൽ സുരക്ഷിതമാക്കിയിട്ടുണ്ട്. കൂടാതെ നൈറ്റ് വാച്ച്മാൻമാർ ബാങ്കിന്റെ സുരക്ഷാകാര്യങ്ങൾ കൈകാര്യം ചെയ്തുവരുന്നു. എല്ലാ ശാഖകളിലും CCTV ഉൾപ്പടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- റിസർവ്വ്ബാങ്ക് നിർദ്ദേശപ്രകാരം ദൈനംദിന ബാലൻസിന്റെ അടിസ്ഥാനത്തിൽ 4% പ്രകാരം സേവിംഗ്സ് അക്കൗണ്ടുകളിൽ പലിശ കണക്കാക്കി വരുന്നു. ഇടപാടുകാർക്ക് പലിശ വരുമാനത്തിൽ വലിയ വർദ്ധനവ് ഇതുകൊണ്ട് ലഭിച്ചിട്ടുണ്ട്.
- ഗഹാൻ പദ്ധതി അർബൻ സഹകരണ ബാങ്കുകൾക്കുകൂടെ ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതുപ്രകാരം അംഗങ്ങൾക്ക് വസ്തുപണയവായ്പ എടുക്കാൻ റജിസ്ട്രേഷൻ ഫീ കൊടുക്കേണ്ടതില്ല. ബാങ്ക് ഇതിനകം തന്നെ ഗഹാൻ പദ്ധതിപ്രകാരം വായ്പ അനുവദിച്ചുവരുന്നുണ്ട്.
- കോർ ബാങ്കിംഗ് : 2013 ഡിസംബർ 31നകം ആധുനികമായ കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറണമെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശമനുസരിച്ച് പുതിയ സോഫ്റ്റ് വെയർ ആയ Beacon Pro CBS ലേക്ക് ബാങ്ക് മാറിയിട്ടുണ്ട്.
- കുട്ടികൾക്കുള്ള ജൂനിയർ സേവിംഗ്സ് അക്കൗണ്ടുകളിൽ 5% പലിശ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തി ആകർഷകമാക്കിയിട്ടുണ്ട്.
- സംസ്ഥാനസർക്കാരിന്റെ റിസ്ക്ഫണ്ട് പദ്ധതിയിൽ ബാങ്ക് അംഗത്വം എടുത്തിട്ടുണ്ട്. ഇതുവഴി വായ്പ എടുത്ത അംഗം മരണമടയുകയാണെങ്കിൽ ഒന്നര ലക്ഷം രൂപ വരെയും, മാരകമായ അസുഖം ബാധിച്ച് ചികിത്സയിലിരിക്കുന്നവർക്ക് എഴുപത്തഞ്ചായിരം രൂപ വരെയും ബാധ്യതകളിലേക്ക് നിബന്ധനകൾക്ക് വിധേയമായി റിസ്ക് ഫണ്ടിൽ നിന്നും സഹായം ലഭിക്കും.
- CTS ചെക്കുകൾ വിതരണം ചെയ്തു വരുന്നു.
- സാധാരണക്കാർക്കുവേണ്ടി 15 വർഷം വരെ കാലാവധിയുള്ളതും 11.5 – 12.5% പലിശ നിരക്കുള്ളതുമായ 'സ്വപ്നഗൃഹം' ഹോം ലോൺ സ്കീം ആരംഭിച്ചിട്ടുണ്ട്.
- നേരത്തെയുണ്ടായിരുന്ന സർവ്വീസ് ടാക്സ് റജിസ്ട്രേഷൻ ഇപ്പോൾ GST യിലേക്ക് മാറ്റിയിട്ടുണ്ട്. ബാങ്ക് നൽകുന്ന സേവനങ്ങൾക്ക് 18% GST ഈടാക്കി വരുന്നു.
- മിത്ര ഗ്രൂപ്പ് ലോൺ എന്ന പേരിൽ സ്വയം സഹായസംഘങ്ങൾക്കും, കൂട്ടു ബാധ്യതാ സംഘങ്ങൾക്കുമായി വായ്പകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.
- സ്കൂൾ വിദ്യാർഥികൾക്ക് വേണ്ടി ഡ്രീം ബൈസിക്കിൾ ലോൺ എന്ന പേരിൽ സൈക്കിൾ വാങ്ങുന്നതിന് വായ്പകൾ നൽകി വരുന്നുണ്ട്.
- ബ്രീസി കാർ ലോൺ എന്ന പേരിൽ ഇടപാടുകാർക്ക് വാഹന വായ്പകളും നൽകി വരുന്നുണ്ട്.
- ശമ്പളക്കാരായ ഇടപാടുകാർക്കുവേണ്ടി ശമ്പള സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിന്മേൽ 'സാലറി പ്ലസ് 'എന്ന പേരിൽ 3 ലക്ഷം രൂപ വരെ വായ്പകൾ നൽകി വരുന്നു.
- 'ഫ്രീ ബേർഡ്' എന്ന പേരിൽ സ്ത്രീകൾക്ക് ഇരുചക്ര വാഹന വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു.
- ഓട്ടോറിക്ഷ, ടാക്സി ഉടമകളുടെ അടിയന്തിരാവശ്യങ്ങൾക്ക് വേണ്ടി 'സഹായി' എന്ന പേരിൽ പുതിയ ലോൺ സ്കീം ആരംഭിച്ചിട്ടുണ്ട്.

ESTD : 1995

- കേന്ദ്ര സർക്കാർ ക്ഷേമ പദ്ധതികളായ പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നീ പദ്ധതികൾ ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്.
- ഇടപാടുകാർക്ക് നാണയങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മെയിൻ ബ്രാഞ്ചിൽ ഒരു കോയിൻ വെന്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബ്രാഞ്ചുകളിൽ കറൻസി നോട്ടുകളുടെ പരിശോധനയും എണ്ണലും നടത്തുന്നതിനായി ആധുനിക കറൻസി സോർട്ടിംഗ് മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ പ്രത്യേക സബ്സിഡി പദ്ധതി പ്രകാരമാണ് ഇവ വാങ്ങിയത്.
- സഹകരണ ബാങ്കുകളിലെ എ ക്ലാസ് അംഗങ്ങൾക്ക് ടിഡിഎസ് നിബന്ധനകളിൽ ഉണ്ടായിരുന്ന ഇളവ് 01.06.2015 മുതൽ കേന്ദ്രസർക്കാർ എടുത്തുകളഞ്ഞത് ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച നിബന്ധനകൾ പാലിക്കേണ്ടത് നിയമപ്രകാരം പ്രവർത്തിക്കുന്ന ഏതു സ്ഥാപനത്തിന്റെയും ബാധ്യതയാണെങ്കിലും ഇടപാടുകാർക്ക് വേണ്ട സൗകര്യങ്ങളും നിർദ്ദേശങ്ങളും നൽകാൻ ശ്രദ്ധിച്ചുവരുന്നു. പാൻകാർഡ് വിതരണം ചെയ്യുന്നതിനായി യു.ടി.ഐ.യുടെ ഏജൻസി എടുത്തിട്ടുണ്ട്. 600 ലധികം ഇടപാടുകാർക്ക് PAN വിതരണം ചെയ്തിട്ടുണ്ട്.ൟ
- ബാങ്കിലെ ഇടപാടുകാർക്ക് SMS അലേർട്ട് സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇടപാടുകൾ ഫോണിൽ കണ്ട് പരിശോധിക്കുന്നതിനായി 'My Bank' എന്ന ആൻഡ്രോയ്ഡ് അപ്ലിക്കേഷനും ബാങ്ക് ഇടപാടുകാർക്ക് ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിതരണം ചെയ്യുന്ന വിവിധ സേവന പെൻഷനുകൾ ലഭിക്കുന്നതിനായി നമ്മുടെ ബാങ്കിലെ എക്കൗണ്ടുകൾക്കും യോഗ്യത ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത്തരം 1400 സേവിംഗ്സ് എക്കൗണ്ടുകൾ പെൻഷൻ ആവശ്യത്തിന് ആരംഭിക്കുകയുണ്ടായി.

22. ജീവനക്കാർ

റിപ്പോർട്ട് വർഷാവസാനം ബാങ്കിലെ ജീവനക്കാരുടെ ആകെ എണ്ണം 43 ആണ്. ഇതിൽ 6 പേർ പാർട്ട്-ടൈം ജീവനക്കാരാണ്. ഇവരെ കൂടാതെ 8 കലക്ഷൻ ഏജന്റുമാരും ജോലിനോക്കി വരുന്നു.

ICM, RBI, സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. അംഗങ്ങളോടും ഇടപാടുകാരോടും പ്രതിബദ്ധതയോടെയുള്ള ഇടപെടലിലൂടെ ബാങ്കിന്റെ യശസ്സും വളർച്ചയും ഉറപ്പുവരുത്തുന്നതിൽ ജീവനക്കാർ അഭിനന്ദനമർഹിക്കുന്നു. ഭരണസമിതിയോടുള്ള അവരുടെ സഹകരണവും എടുത്തുപറയേണ്ടതുണ്ട്.

23. സ്ഥിതി വിവര കണക്കുകൾ (രൂപ ലക്ഷത്തിൽ):

	31.03.2016	31.03.2017	31.03.2018
എ.ക്ലാസ് അംഗങ്ങൾ	11982	12003	12198
സി. ക്ലാസ് അംഗങ്ങൾ	2316	3352	3940
ഓഹരി മൂലധനം	396.82	453.32	490.99
നിക്ഷേപങ്ങൾ	11492.39	12102.06	13403.82
വായ്പകൾ	6857.65	8793.71	8678.21
വായ്പാനിക്ഷേപ അനുപാതം	59.67	72.66	64.74
റിസർവ്വുകൾ/പ്രൊവിഷനുകൾ	361.06	426.12	442.07
കടങ്ങൾ (Borrowings)	Nil	Nil	Nil
ഇൻവെസ്റ്റുമെന്റുകൾ	5318.09	4026.89	5665.91
പ്രവർത്തനമൂലധനം	12797.06	13537.46	14910.48
ജീവനക്കാർ	36	37	43
നിഷ്ക്രിയ ആസ്തി (Net NPA) ശതമാനം	2.93	8.14%	7.98%
മൂലധന പര്യാപ്തതാശതമാനം	9.8	9.73%	10.31%
ആഡിറ്റ് ക്ലാസിഫിക്കേഷൻ	A	A	A
നെറ്റ്വർത്ത് (Net Worth)	574.33	673.65	733.36

24. ഉപസംഹാരം

ഒരു സഹകരണ ധനകാര്യ സ്ഥാപനമെന്ന നിലയിൽ ബാങ്കുമായി ബന്ധപ്പെടുന്ന എല്ലാ അംഗങ്ങൾക്കും ഇടപാടുകാർക്കും സംതൃപ്തി നൽകുന്ന ഒരു സ്ഥാപനമെന്ന് അറിയപ്പെടാനാണ് ബാങ്ക് ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനത്തിൽ ബാങ്കിന് അളവറ്റ സഹായസഹകരണങ്ങൾ നൽകിയ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, സഹകരണ വകുപ്പ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

അംഗങ്ങൾ, ഇടപാടുകാർ, ഭരണസമിതി, ജീവനക്കാർ എന്നിവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ ഒരു മാതൃകാ സഹകരണ ബാങ്കായി മാറാൻ നമുക്ക് കഴിയണം. കൃത്യമായ മാനേജ്മെന്റ് തന്ത്രങ്ങളിലൂടെയും സുതാര്യമായ പ്രവർത്തനരീതിയിലൂടെയും നമുക്ക് ഈ ലക്ഷ്യം സാധിക്കാവുന്നതേയുള്ളൂ.

എല്ലാവിധ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്, ഈ റിപ്പോർട്ട് അംഗീകാരത്തിനായി പൊതുയോഗം മുമ്പാകെ അവതരിപ്പിക്കുന്നു.

ഭരണസമിതി തീരുമാനപ്രകാരം

ഫറോക്ക് (ഒപ്പ്)

28.08.2018 (ജനറൽ മാനേജർ)

ESTD : 1995

STATUTORY AUDIT REPORT

We have audited the attached Balance Sheet of Feroke Co-operative Urban Bank Limited No. D. 2640, Feroke as on 31st March, 2017 and also annexed Profit and Loss Account of the Bank for the year ended on that date.

We have conducted our audit in accordance with the Auditing Standards generally accepted in India. Those Standards require that we plan and perform the audit to obtain reasonable assurance about whether the financial statements are free of material misstatement. An audit includes, examining on a test basis, evidence supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made by the management, as well as evaluating the overall financial statement presentation. We believe that our audit provides a reasonable basis for our opinion.

We report that:

1. We have obtained all the information and explanations, which to the best of our knowledge and belief were necessary for the purpose of our Audit.
2. In our opinion proper Books of Accounts as required by law have been kept by the Bank so far appears from our examination of those books.
3. The transactions of the Bank, which have come to our notice, have been within the powers of the Bank.
4. To the best of our knowledge and belief and according to the information and explanations given to us, there is no material impropriety and irregularities in the expenditures or in the realization of monies due to the bank.
5. The Balance sheet and Profit and Loss Account are in agreement with the books of accounts maintained by the bank.

In our opinion and to the best of our information and according to the explanations given to us, the said Accounts together with the significant accounting policies and notes thereon give the information required by the Banking Regulation Act, 1949 in the manner so required and gives a true and fair view in conformity with the accounting principles generally accepted in India.

1. In case of balance sheet, of the state of affairs of the bank as on 31st March, 2017, and
2. In case of profit and loss account, of the profit for the year ended on that date.

Kozhikode
25.09.2018

s/d
P. Beena,
Asst. Director / Concurrent Auditor,
Feroke Co-operative Urban Bank Ltd.
(Vengeri SCB Group) Kozhikode

For **Babu Joseph & Co.**
Chartered Accountants
s/d
(Babu Joseph)

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

വരവ്-ചെലവ് (Receipts & Payments) കണക്ക് 2017-18

വരവുകൾ			ചെലവുകൾ		
	ഇനങ്ങൾ	തുക		ഇനങ്ങൾ	തുക
1	ഓഹരി മൂലധനം	66,84,635.00	1	ഓഹരി മൂലധനം	29,16,875.00
2	നിക്ഷേപങ്ങൾ	3,45,29,44,057.12	2	നിക്ഷേപങ്ങൾ	3,31,55,43,935.25
3	അംഗങ്ങൾക്ക് വായ്പ	1,44,08,92,627.96	3	അംഗങ്ങൾക്ക് വായ്പ	1,44,39,63,899.83
4	വായ്പകളിൽ നിന്ന് പലിശ	12,02,31,640.91	4	നിക്ഷേപങ്ങൾക്ക് പലിശ	9,59,17,292.00
5	പലവക വരവുകൾ	3,89,11,662.32	5	വായ്പകളിൽ നിന്ന് പലിശ - കിഴിവ്	1,83,125.00
6	ജീവനക്കാരുടെ പി എഫ് നിക്ഷേപം ഇൻവെസ്റ്റ് ചെയ്തത്	18,06,707.00	6	സിബ്ബന്ദി ചെലവും മറ്റ് ചെലവും	3,69,77,470.80
7	ഗവ. സെക്യൂരിറ്റികളിൽ നിന്നും പിൻവലിച്ചത്	9,23,66,354.00	7	റിസർവ്വ് ഫണ്ട് ഇൻവെസ്റ്റ് ചെയ്തത്	10,82,733.00
8	മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങൾ	9,90,00,000.00	8	ഗവ. സെക്യൂരിറ്റി നിക്ഷേപം	10,96,88,000.00
9	ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ചത്	2,71,63,69,707.49	9	നോൺ എസ് എൽ ആർ നിക്ഷേപങ്ങൾ	9,90,00,000.00
10	സസ്പെൻസ് : ബാങ്കിലേക്ക് വരവാനുള്ളത്	41,53,153.46	10	സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം ഇൻവെസ്റ്റ് ചെയ്തത്	35,000.00
11	സസ്പെൻസ് : ബാങ്ക് നൽകുവാനുള്ളത്	8,03,82,434.96	11	സ്റ്റാഫ് പി എഫ് ഇൻവെസ്റ്റ് ചെയ്തത്	18,06,707.00
12	പ്രത്യേക കിട്ടാക്കട കരുതൽ	1,17,519.07	12	കെട്ടിട ഫണ്ട് ഇൻവെസ്റ്റ് ചെയ്തത്	7,47,564.00
13	കെട്ടിട ഫണ്ട് ഇൻവെസ്റ്റ് ചെയ്തത്	7,47,564.00	13	സ്ഥിര ആസ്തികളിൽ നിക്ഷേപിച്ചത്	17,88,357.00
14	മെമ്പർമാർക്ക് ഡിവിഡന്റ്	23,32,717.00	14	ബാങ്ക് അക്കൗണ്ടുകളിൽ അടച്ചത്	2,86,27,35,803.37
15	സാമൂഹിക വിദ്യാഭ്യാസ ഫണ്ട്	2,16,547.00	15	സസ്പെൻസ് : ബാങ്കിലേക്ക് വരവാനുള്ളത്	33,75,959.46
16	സഹകരണ വിദ്യാഭ്യാസ ഫണ്ട്	60,000.00	16	സസ്പെൻസ് : ബാങ്ക് നൽകുവാനുള്ളത്	8,69,27,818.35
17	കെട്ടിട നിർമ്മാണ ഫണ്ട്	3,52,435.14	17	ലാഭവിഹിതം	43,30,932.71
18	അംഗ ആശ്വാസ നിധി	1,00,000.00	18	അംഗങ്ങൾക്ക് ഡിവിഡന്റ് നൽകിയത്	23,26,925.16
19	പൊതുനന്മ ഫണ്ട്	68,981.50	19	സഹകരണ വിദ്യാഭ്യാസ ഫണ്ട്	60,000.00
20	കരുതൽ ധനം	10,82,733.00	20	അംഗ ആശ്വാസ നിധി	.00
21	ക്ലിയറിംഗ് സസ്പെൻസ്	69,19,53,380.86	21	ക്ലിയറിംഗ് സസ്പെൻസ്	69,19,53,380.86
22	ബ്രാഞ്ച് അക്കൗണ്ടുകൾ	7,23,30,000.00	22	ബ്രാഞ്ച് അക്കൗണ്ടുകൾ	7,23,30,000.00
23	ഇന്റർ ബ്രാഞ്ച് അക്കൗണ്ട്	3,37,08,56,257.93	23	ഇന്റർ ബ്രാഞ്ച് അക്കൗണ്ട്	3,37,08,56,257.93
24	സ്ഥിര ആസ്തികളിൽ തേയ്മാനം	56,34,148.02	24	സ്ഥിര ആസ്തികളിൽ തേയ്മാനം	56,34,148.02
25	ഗവ. സെക്യൂരിറ്റി പ്രീമിയം	8,04,670.00	25	ഗവ. സെക്യൂരിറ്റി പ്രീമിയം അമോർട്ടൈസ് ചെയ്തത്	8,04,670.00
	ആകെ	**12,20,03,99,933.74**		**ആകെ**	**12,21,08,86,854.74**
	പ്രാരംഭ നീക്കിയിരിപ്പ്	**3,53,74,874.00**		**അവസാന നീക്കിയിരിപ്പ്**	**2,48,87,953.00**
	ആകെ മൊത്തം	**12,23,57,74,807.74**		**ആകെ മൊത്തം**	**12,23,57,74,807.74**

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

2017 -18 സാമ്പത്തിക വർഷത്തെ ലാഭ-നഷ്ട കണക്ക് (Profit & Loss Account)

ചെലവിനങ്ങൾ	2017 - 2018	2016 - 2017
നിക്ഷേപങ്ങൾക്കും കടങ്ങൾക്കുമുള്ള പലിശ	10,91,33,739.00	11,07,68,205.00
ശമ്പളം, പെൻഷൻ ഫണ്ട്, അലവൻസുകൾ	2,15,02,482.00	2,41,63,221.00
ഡയറക്ടർമാരുടെ അലവൻസുകൾ	5,45,007.00	4,90,385.00
വാടക, നികുതി, ഇൻഷ്വറൻസ്, ഇലക്ട്രിസിറ്റി	51,71,488.58	45,64,228.00
നിയമനടപടികൾക്കുള്ള ചെലവുകൾ	41,750.00	21,000.00
തപാൽ, റ്റെലിഫോൺ ചാർജുകൾ	1,82,485.71	1,82,944.00
ആഡിറ്റ് ചെലവുകൾ	8,20,634.00	5,79,171.00
സ്റ്റേഷണറി, അച്ചടി, പരസ്യം മുതലായവ	6,38,157.32	6,70,347.90
പലവക ചെലവുകൾ	80,75,466.19	71,59,860.04
സ്ഥിര ആസ്തികളിൽ തേയ്മാനം	56,34,148.02	60,26,892.00
സക്രിയ ആസ്തികൾക്കുള്ള കണ്ടിൻജന്റ് കരുതൽ	9,508.00	5,71,395.00
നിഷ്ക്രിയ ആസ്തി കരുതൽ	44,82,858.70	70,58,388.00
ഇൻവെസ്റ്റ്മെന്റ് വിലക്കുറവിനുള്ള കരുതൽ	0.00	15,79,720.00
തടഞ്ഞുവെച്ച ഇനങ്ങൾക്കുള്ള കരുതൽ	0.00	1,70,750.00
ബോണസ് നൽകുന്നതിനായുള്ള കരുതൽ	6,50,000.00	5,61,400.00
അവധി വേതനത്തിനുള്ള കരുതൽ	4,54,557.00	7,01,552.00
ഗവ.സെക്യൂരിറ്റികളിൽ പ്രീമിയം എഴുതി തള്ളിയത്	8,04,670.00	1,72,925.00
ഇൻവെസ്റ്റ്മെന്റ് ഭാവി വില വ്യതിയാനത്തിനുള്ള കരുതൽ	0.00	20,00,000.00
പലിശയിളവ് നൽകിയത്	1,83,125.00	
റിപ്പോർട്ട് വർഷത്തെ ലാഭം	45,39,195.78	43,30,932.71
ആകെ	**16,28,69,272.30**	**17,17,73,316.65**

വരവിനങ്ങൾ	2017 - 2018	2016 - 2017
പലിശയിനത്തിൽ വരവ്	15,09,81,945.25	13,97,18,206.17
കമ്മീഷൻ, മുതലായവ	7,60,183.88	8,15,542.68
ഗവൺമെന്റ് സെക്യൂരിറ്റി ഇടപാടുകളിൽ ലാഭം	13,89,146.00	1,81,67,500.00
പലവക വരവുകൾ	64,88,175.10	45,13,679.80
നിഷ്ക്രിയ ആസ്തികൾക്കുള്ള അധിക കരുതൽ നീക്കം ചെയ്തത്	26,02,652.07	70,58,388.00
പുതിയ ബ്രാഞ്ച് തുറക്കുന്നതിനുള്ള കരുതൽ നീക്കം ചെയ്തത്	0.00	15,00,000.00
ബോണസിനുള്ള കരുതൽ നീക്കം ചെയ്തത്	5,61,400.00	0.00
ആദായനികുതി കരുതൽ നീക്കം ചെയ്തത്	85,770.00	0.00
ആകെ	**16,28,69,272.30**	**17,17,73,316.65**

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

31.03.2018 ലെ കട-ധനപട്ടിക (Balance Sheet as on 31.03.2018)

തുക രൂപയിൽ

മൂലധനവും ബാധ്യതകളും		31/03/2018	31/03/2017
എ ക്ലാസ്സ് ഓഹരി മൂലധനം	3,69,75,375.00		3,52,30,425.00
ബി ക്ലാസ് ഓഹരി മൂലധനം	5,00,000.00		.00
സി ക്ലാസ്സ് ഓഹരി മൂലധനം	1,16,24,030.00		1,01,01,220.00
		4,90,99,405.00	**4,53,31,645.00**
റിസർവ്വുകൾ			
കരുതൽ ധനം	1,48,73,207.14		1,37,90,474.14
പൊതുനന്മാ ഫണ്ട്	1,93,902.95		1,24,921.45
കെട്ടിട ഫണ്ട്	12,50,000.00		8,97,564.86
പ്രത്യേക നിഷ്ക്രിയ ആസ്തി കരുതൽ	2,00,000.00		82,480.93
		1,65,17,110.09	**1,48,95,441.38**
പ്രൊവിഷനുകൾ			
നിഷ്ക്രിയ ആസ്തി കരുതൽ	1,62,97,725.70		1,18,14,867.00
നിഷ്ക്രിയ ആസ്തി അധിക കരുതൽ	.00		26,02,652.07
സക്രിയ ആസ്തി - കണ്ടിൻജന്റ് കരുതൽ	31,87,283.00		31,77,775.00
ഗവ. സെക്യൂരിറ്റി വില കുറയുന്നതിനുള്ള കരുതൽ	20,00,000.00		20,00,000.00
ഗവ. സെക്യൂരിറ്റി വില കുറഞ്ഞതിനുള്ള കരുതൽ	28,45,000.00		28,45,000.00
അവധി വേതനം - കരുതൽ	37,56,191.00		33,01,634.00
ബോണസ് നൽകുന്നതിനുള്ള കരുതൽ	6,50,000.00		5,61,400.00
ആദായ നികുതി കരുതൽ	11,41,015.00		12,26,785.00
ടെലഫോൺ നിക്ഷേപം - കരുതൽ	11,954.00		11,954.00
തടഞ്ഞുവെച്ച ഇനങ്ങൾക്കുള്ള കരുതൽ	1,70,750.00		1,70,750.00
പുതിയ ടെലഫോൺ നിക്ഷേപം - കരുതൽ	4,000.00		4,000.00
		3,00,63,918.70	**2,77,16,817.07**
നിക്ഷേപങ്ങൾ			
കാലാവധി നിക്ഷേപങ്ങൾ (സ്ഥിര നിക്ഷേപങ്ങൾ)			
വ്യക്തിഗത നിക്ഷേപങ്ങൾ			
സ്ഥിര നിക്ഷേപം	85,98,24,896.00		76,78,38,898.00
റീ ഇൻവെസ്റ്റ്മെന്റ് നിക്ഷേപം	11,42,77,716.00		10,24,56,867.00
ദിന നിക്ഷേപങ്ങൾ	2,10,47,396.00		2,06,65,841.00
ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം	1,51,000.00		1,16,000.00
ആവർത്തന നിക്ഷേപം	66,00,750.00		68,04,050.00
ജീവനക്കാരുടെ പി എഫ് നിക്ഷേപം	71,84,285.00		66,36,859.00
		1,00,90,86,043.00	**90,45,18,515.00**
സൊസൈറ്റി നിക്ഷേപങ്ങൾ			
സ്ഥിര നിക്ഷേപം	4,27,34,557.00		3,36,64,559.00
റീ ഇൻവെസ്റ്റ്മെന്റ് നിക്ഷേപം	6,10,00,000.00		.00
		10,37,34,557.00	**3,36,64,559.00**
സേവിംഗ്സ് നിക്ഷേപങ്ങൾ			
വ്യക്തിഗത സേവിംഗ്സ് നിക്ഷേപങ്ങൾ	20,70,71,928.81	**20,70,71,928.81**	**24,04,82,437.27**
കറന്റ് നിക്ഷേപങ്ങൾ			
വ്യക്തിഗത നിക്ഷേപങ്ങൾ	2,08,01,900.52	**2,08,01,900.52**	**1,96,91,149.06**
സൊസൈറ്റി നിക്ഷേപങ്ങൾ	69,11,703.10	**69,11,703.10**	**1,18,49,350.23**
ആകെ നിക്ഷേപങ്ങൾ	***1,34,76,06,132.43***		
കടങ്ങൾ	.00	.00	.00
ബില്ലുകൾ കളക്ഷനയച്ചത്		.00	1,30,000.00
ബ്രാഞ്ച് അഡ്ജസ്റ്റ്മെന്റുകൾ			.00
അവധിബാക്കി പലിശയ്ക്കുള്ള കരുതൽ		78,66,172.00	54,33,263.00

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

31.03.2018 ലെ കട-ധനപട്ടിക (Balance Sheet as on 31.03.2018)

പലിശ കൊടുക്കുവാനുള്ളത്		5,46,63,701.00	4,14,47,254.00
മറ്റ് ബാധ്യതകൾ			
പലവക സസ്പെൻസുകൾ		16,63,343.76	82,08,727.15
സാങ്കേതിക വിദ്യാഭ്യാസ നിധി		11,56,465.41	9,39,918.41
ജീവനക്കാരുടെ ആശ്വാസ നിധി		1,25,000.00	1,25,000.00
ഡിവിഡന്റ്		5,49,860.05	5,44,068.21
അംഗ ആശ്വാസ നിധി		1,00,000.00	.00
ലാഭം			
2016 - 17 വർഷത്തെ ലാഭം	43,30,932.71		
ലാഭ വിഭജനം നടത്തിയത്	43,30,932.71		
റിപ്പോർട്ട് വർഷത്തെ ലാഭം		**45,39,195.78**	**43,30,932.71**
ആകെ		**1,51,39,50,304.22**	**1,35,93,09,077.49**

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

2018 മാർച്ച് 31 ലെ കട ധന പട്ടിക *തുക രൂപയിൽ*

ആസ്തികൾ		**31/03/2018**	**31/03/2017**
ക്യാഷ്			
കയ്യിരിപ്പ്	2,48,87,953.00	**2,48,87,953.00**	**3,53,74,874.00**
ബാങ്കുകളിൽ			
RBI, SBI, KSCB and KDCB എന്നിവയിൽ			
കറന്റ് അക്കൗണ്ടുകളിൽ	2,37,17,344.41		2,20,62,514.71
സേവിംഗ്സ് അക്കൗണ്ടുകളിൽ	2,03,14,263.38		17,14,293.38
സ്ഥിര നിക്ഷേപങ്ങൾ	4,00,00,000.00		3,50,00,000.00
		8,40,31,607.79	**5,87,76,808.09**
മറ്റ് ബാങ്കുകളിൽ			
കറന്റ് അക്കൗണ്ടുകളിൽ	4,23,43,923.34	**4,23,43,923.34**	**1,14,19,613.16**
സ്ഥിര നിക്ഷേപം	9,01,86,986.00	**9,01,86,986.00**	**.00**
സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം ഇൻവെസ്റ്റ് ചെയ്തത്	1,51,000.00	**1,51,000.00**	**1,16,000.00**
കരുതൽ ധനം നിക്ഷേപിച്ചത്	1,48,73,207.14	**1,48,73,207.14**	**1,37,90,474.14**
ജീവനക്കാരുടെ പി എഫ് നിക്ഷേപിച്ചത്	66,36,859.00	**66,36,859.00**	**66,36,859.00**
കെട്ടിട ഫണ്ട് നിക്ഷേപിച്ചത്	8,97,564.00	**8,97,564.00**	**8,97,564.00**
ഇൻവെസ്റ്റുമെന്റുകൾ			
ഗവൺമെന്റ് സെക്യൂരിറ്റികളിൽ	32,24,59,411.00		30,60,42,435.00
ജില്ലാ സഹകരണ ബാങ്കിൽ ഓഹരി	50,10,000.00		50,10,000.00
		32,74,69,411.00	**31,10,52,435.00**
വായ്പകൾ			
ഹ്രസ്വകാല വായ്പകൾ, ക്യാഷ് ക്രെഡിറ്റുകൾ	32,32,37,526.46		30,99,80,319.34
മധ്യകാല വായ്പകൾ	49,17,56,829.75		50,51,11,516.00
ദീർഘ കാല വായ്പകൾ	6,74,47,965.00		6,42,79,214.00
		88,24,42,321.21	**87,93,71,049.34**

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

31.03.2018 ലെ കട-ധനപട്ടിക (Balance Sheet as on 31.03.2018)

പലിശ കിട്ടുവാനുള്ളത്			
സക്രിയ വായ്പകളിൽ നിന്നും	69,81,280.00		62,71,838.00
ഇൻവെസ്റ്റ്മെന്റുകളിൽ നിന്നും	49,24,000.00		51,57,295.00
		1,19,05,280.00	**1,14,29,133.00**
നിഷ്ക്രിയ ആസ്തികളിൽ നിന്നും	78,66,172.00	**78,66,172.00**	**54,33,263.00**
ബില്ലുകൾ കിട്ടുവാനുള്ളത്		.00	1,30,000.00
ബ്രാഞ്ച് അഡ്ജസ്റ്റ്മെന്റുകൾ		.00	
സ്ഥിര ആസ്തികൾ	3,96,00,920.74		3,78,12,563.74
ആകെ തേയ്മാനം	**2,55,93,460.00**		1,99,59,311.98
		1,40,07,460.74	**1,78,53,251.76**
മറ്റ് ആസ്തികൾ			
ബി എസ് എൻ എൽ നിക്ഷേപം		17,454.00	17,454.00
വാടക അഡ്വാൻസ്		9,46,227.00	9,46,227.00
തടഞ്ഞുവെച്ച ഇനങ്ങൾ		1,70,750.00	1,70,750.00
മറ്റ് സസ്പെൻസുകൾ		5,16,128.00	28,93,322.00
മുൻകൂർ ആദായ നികുതി		46,00,000.00	30,00,000.00
ആകെ		**1,51,39,50,304.22**	**1,35,93,09,077.49**

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

സപ്ലിമെന്ററി ബഡ്ജറ്റ് 2017-18

തുക രൂപയിൽ

നമ്പർ	ഇനങ്ങൾ	ബഡ്ജറ്റ് വിഹിതം	ചെലവ്	അധികരിച്ച തുക
1	ഉത്സവബത്ത	1,00,000.00	1,16,200.00	16,200.00
2	സെയിൽ ഓഫീസർ ചെലവ്	3,50,000.00	5,37,962.00	1,87,962.00
3	പലവക ജോലികൾക്കുള്ള കൂലി	50,000.00	83,045.00	33,045.00
4	യാത്രാ ചെലവ് (Conveyance Charges)	1,00,000.00	1,36,273.00	36,273.00
5	കമ്പ്യൂട്ടർ ചെലവുകൾ	5,00,000.00	7,99,586.52	2,99,586.52
6	സംഭാവനകൾ	0.00	43,000.00	43,000.00
7	പ്രൊഫഷണൽ ചെലവുകൾ	0.00	12,000.00	12,000.00
8	ജനറേറ്റർ ഇന്ധന ചെലവുകൾ	0.00	16,500.00	16,500.00
9	എസ് ജി എസ് ടി അടച്ചത്	0.00	36,293.11	36,293.11
10	സി ജി എസ് ടി അടച്ചത്	0.00	36,293.10	36,293.10

വിശദീകരണം: അപ്രതീക്ഷിതമായതും ഒഴിവാക്കാനാവാത്തതുമായ ചെലവുകൾ വരുന്നതിനാലാണ് ബഡ്ജറ്റിൽ നീക്കിവെച്ചതിനേക്കാൾ തുക ചിലയിനങ്ങളിൽ ചെലവ് വരുന്നത്. കൂടാതെ ചില ഹെഡ് ഓഫ് എക്കൗണ്ടുകൾ റിപ്പോർട്ട് വർഷം പുതുതായി ചേർത്തതാണ്.

ഫറോക്ക് കോ–ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

2019–20 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ്

	പ്രതീക്ഷിക്കുന്ന വരുമാനം	തുക രൂപയിൽ		പ്രതീക്ഷിക്കുന്ന ചെലവ്	തുക രൂപയിൽ
1	വായ്പകളിൽ നിന്ന് പലിശ	12,70,00,000.00	1	നിക്ഷേപങ്ങൾക്ക് പലിശ	10,00,00,000.00
2	നിക്ഷേപങ്ങളിൽ നിന്ന് പലിശ	3,00,00,000.00	2	ജീവനക്കാർക്ക് ശമ്പളവും മറ്റും	2,50,00,000.00
3	അംഗങ്ങളിൽ നിന്ന് പ്രവേശനഫീസ്	8,000.00	3	പെൻഷൻ ഫണ്ട് വിഹിതം	25,00,000.00
4	ഫോളിയോ ചാർജ്ജ്	2,50,000.00	4	ക്ഷേമനിധി വിഹിതം	75,000.00
5	ഫോം ചാർജ്ജ്	3,50,000.00	5	ഗ്രാറ്റുവിറ്റി ഇൻഷ്വറൻസ് പ്രീമിയം	20,00,000.00
6	ലോക്കർ വാടക	95,000.00	6	ബോണസ്	8,50,000.00
7	നോമിനൽ അംഗത്വ ഫീ	1,000.00	7	വെഹിക്കിൾ അലവൻസ്	1,60,000.00
8	കമ്മീഷൻ, കളക്ഷൻ ചാർജ്ജുകൾ	1,50,000.00	8	സിറ്റിംഗ് ഫീ	5,00,000.00
9	ഹാൻഡ്ലിംഗ് ചാർജ്ജ്	3,00,000.00	9	ഹോണറേറിയം	3,00,000.00
10	ഗവ: സെക്യൂരിറ്റികളിൽ നിന്നും ലാഭം	25,00,000.00	10	ഡയറക്ടർമാർക്ക് പരിശീലനം	1,00,000.00
11	സൈറ്റ് ഇൻസ്പെക്ഷൻ ഫീ	35,000.00	11	ഡയറക്ടർമാർക്ക് യാത്രാബത്ത, DA	60,000.00
12	പലവക വരവുകൾ	7,00,000.00	12	ടെലഫോൺ അലവൻസ്	12,000.00
13	നോട്ടീസ് ചാർജ്ജ്	6,00,000.00	13	അച്ചടി	5,00,000.00
14	സെക്യൂരിറ്റൈസേഷൻ ചാർജ്ജ്	1,50,000.00	14	സ്റ്റേഷനറി ചാർജ്ജുകൾ	1,50,000.00
15	പിഗ്മി നിക്ഷേപ - സർവീസ് ചാർജ്ജ്	5,00,000.00	15	പരസ്യം	5,00,000.00
16		0.00	16	നിയമനടപടികൾക്കുള്ള ചെലവുകൾ	3,00,000.00
17	ജില്ലാ ബാങ്കിൽ നിന്നും ഡിവിഡന്റ്	6,00,000.00	17	പോസ്റ്റേജ്	50,000.00
18	ലേല ചാർജ്ജുകൾ	25,000.00	18	ടെലിഫോൺ ചാർജ്ജ്	2,00,000.00
19	പാൻ സർവ്വീസ് ചാർജ്ജ്	10,000.00	19	കെട്ടിട വാടക	22,00,000.00
20	ഇൻഷ്വറൻസ് ചാർജ്ജുകൾ	10,00,000.00	20	നികുതികൾ, മറ്റു ചെലവുകൾ	5,00,000.00
21	മറ്റ് വരവുകൾ	50,000.00	21	ഇലക്ട്രിസിറ്റി ചാർജ്ജ്	17,00,000.00
22	എസ് എൽ ആർ ഇതര നിക്ഷേപങ്ങളിൽ നിന്നുള്ള വരവ്	15,00,000.00	22	ഇൻഷ്വറൻസ് പ്രീമിയം	4,00,000.00
23	ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ജി എസ് ടി)	4,00,000.00	23	നിക്ഷേപ ഇൻഷ്വറൻസ് പ്രീമിയം	20,00,000.00
			24	ജി എസ് ടി ചെലവ്	6,00,000.00
			25	റിവേഴ്സ് ചാർജ്ജസ് (ജി എസ് ടി)	2,00,000.00
			26	ആഡിറ്റ് ചെലവ്	10,00,000.00
			27	സി എ ആഡിറ്റ് ചാർജ്ജസ്	2,00,000.00
			28	ടാക്സ് ആഡിറ്റ് ചാർജ്ജസ്	75,000.00
			29	ഐ എസ് ഓഡിറ്റ് ചെലവുകൾ	3,00,000.00
			30	ഇ ഡി പി ഓഡിറ്റ് ചെലവുകൾ	1,50,000.00
			31	ജീവനക്കാർക്ക് യാത്രാബത്ത	1,50,000.00
			32	ഉത്സവ ബത്ത	1,50,000.00
			33	പിഗ്മി - ക്ഷേമബത്ത വിഹിതം	20,000.00
			34	ക്ലീനിംഗ് അലവൻസ്	25,000.00
			35	ജനറേറ്റർ ചെലവുകൾ	50,000.00
			36	സെയിൽ ഓഫീസർ ചെലവ്	7,00,000.00
			37	പൊതുയോഗ ചെലവുകൾ	2,00,000.00
			38	അഫിലിയേഷൻ ഫീ	5,000.00
			39	പലവക ചെലവുകൾ	5,00,000.00
			40	താൽക്കാലിക ജോലി - വേതനം	29,00,000.00
			41	പലവക പണികൾക്ക് കൂലി	1,00,000.00
			42	പത്ര വരിസംഖ്യ, [illegible]	40,000.00
			43	യാത്രാ ചെലവുകൾ (conveyance)	2,00,000.00
			44	ബിസിനസ്സ് പ്രൊമോഷൻ ചെലവുകൾ	3,00,000.00
			45	അതിഥി ചെലവുകൾ	1,00,000.00
			46	ജീവനക്കാർക്ക് പരിശീലനം	2,50,000.00
			47	കമ്പ്യൂട്ടർ മെയിന്റനൻസ്	10,00,000.00
			48	ബാങ്ക് ചാർജ്ജുകൾ	1,50,000.00
			49	പിഗ്മി ഏജന്റുമാർക്ക് കമ്മീഷൻ	22,00,000.00
			50	സെക്യൂരിറ്റൈസേഷൻ ഫീ	2,50,000.00
			51	വാല്വേഷൻ ചാർജ്ജ്	1,50,000.00
			52	നോട്ടീസ് ചാർജ്ജുകൾ	8,00,000.00
			53	നെറ്റ് വർക്കിംഗ് ചാർജ്ജസ്	3,00,000.00

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം

2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ്

			54	എസ് എം എസ് ബാങ്കിംഗ് ചെലവുകൾ	70,000.00
			55	സംഭാവനകൾ	80,000.00
			56	വാഹന മെയിന്റനൻസ്	1,00,000.00
			57	വാഹനത്തിന്റെ ഇന്ധന ചെലവ്	2,00,000.00
			58	വായ്പാ പലിശയിൽ കിഴിവ് (റിബേറ്റ്)	3,00,000.00
			59	ജനറേറ്റർ ഇന്ധന ചെലവ്	50,000.00
			60	എസ് ജി എസ് ടി ചെലവ്	1,00,000.00
			61	സി ജി എസ് ടി ചെലവ്	1,00,000.00
			62	പ്രൊഫഷണൽ ചാർജ്ജുകൾ	1,50,000.00
			63	വരുമാന നികുതി അടച്ചത്	30,00,000.00
			64	സൈറ്റ് ഇൻസ്പെക്ഷൻ ഫീ	75,000.00
			65	നിയമന നടപടി ചെലവുകൾ	1,00,000.00
			66	എ ടി എം നെറ്റ് വർക്കിംഗ് ചെലവ്	75,000.00
			67	ഉദ്ഘാടന ചെലവുകൾ	2,00,000.00
			68	സിസ്റ്റം നവീകരണം - കരുതൽ	10,00,000.00
			69	ഓഫീസ് - ശാഖ വിപുലീകരണം - കരുതൽ	10,00,000.00
			70	ഗവ. സെക്യൂരിറ്റി പ്രീമിയം	5,00,000.00
	ആകെ വരവ് (പ്രതീക്ഷിക്കുന്നത്)	**16,62,24,000.00**		**ആകെ ചെലവ് (പ്രതീക്ഷിക്കുന്നത്)**	**16,02,22,000.00**
				അധിക വരുമാനം (പ്രതീക്ഷിക്കുന്നത്)	**60,02,000.00**
	ആകെ	**16,62,24,000.00**		**ആകെ**	**16,62,24,000.00**

ESTD : 1995

ലാഭ വിഭജനം 2017-2018

റിപ്പോർട്ട് വർഷം അറ്റലാഭം	45,39,195.78
നിയമാനുസരണമുള്ള നിർബന്ധിത വിഭജനം (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം):	
1. കരുതൽ ധനത്തിലേക്ക് 25%	11,34,799.00
2. സഹകരണ വിദ്യാഭ്യാസ ഫണ്ട്	60,000.00
3. പ്രൊഫഷണൽ വിദ്യാഭ്യാസഫണ്ട്	2,26,960.00
4. മെമ്പർ റിലീഫ് ഫണ്ട് (പരമാവധി)	1,00,000.00
ബാക്കി ബാങ്ക് ഉപനിയമപ്രകാരം വിഭജിക്കേണ്ടത്	**30,17,436.78**
ഈ തുക താഴെകൊടുക്കും പ്രകാരം വിഭജിക്കാവുന്നതാണ്	
ഓഹരിയുടമകൾക്ക് 6.50% നിരക്കിൽ ലാഭവിഹിതം	24,06,383.00
ബിൽഡിംഗ് ഫണ്ട്	1,11,053.78
പൊതുനന്മാ ഫണ്ട്	5,00,000.00
പ്രത്യേക നിഷ്ക്രിയ ആസ്തി കരുതൽ	0.00

Feroke Co-operative Urban Bank Limited
Working Capital 31.03.2017



Feroke Co-operative Urban Bank Limited
Advances as on 31.03.2017




Feroke Co-operative Urban Bank Limited
Increase in Deposits
12000
10000
8000
6000
4000
2000
0
Deposits in Rs. Lakhs
2009
2010
2011
2012
2013
2014
2015
2016
2017
Financial Year Ended 31st March



Increase in Loans and Advances
9000
8000
7000
6000
5000
4000
3000
2000
1000
0
Deposits in Rs. Lakhs
2009
2010
2011
2012
2013
2014
2015
2016
2017
Financial Year Ended 31st March



എഫ്. ഹെർമൻ ഷൂൾസ് ഡെലിഷ്

(1803–1883–ജർമനി)

അർബൻസഹകരണ ബാങ്കുകളുടെ പിതാവ്. സ്വകാര്യപണമിടപാടുകാരിൽ നിന്നും ചെറുകിട വ്യവസായികളെയും തൊഴിലാളികളെയും രക്ഷിക്കുകയെന്നതായിരുന്നു ലക്ഷ്യം. ജർമനിയിലെ ഡെലിഷ് പട്ടണത്തിന്റെ മേയറും ന്യായാധിപനും ആയിരുന്നു.

സഹകരണ തത്വങ്ങൾ

(ഐ.സി.എ മാഞ്ചസ്റ്റർ കോൺഗ്രസ്സ് അംഗീകരിച്ചത്)

- തുറന്നതും സ്വമേധയാ ഉള്ളതുമായ അംഗത്വം
- അംഗങ്ങളുടെ ജനാധിപത്യനിയന്ത്രണം
- അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം
- സ്വയംഭരണവും സ്വാതന്ത്ര്യവും
- വിദ്യാഭ്യാസവും പരിശീലനവും വിജ്ഞാനവും
- സംഘങ്ങൾ തമ്മിൽ സഹകരണം
- സമൂഹത്തോടുള്ള പ്രതിബദ്ധത

Cooperatives are a reminder to the international community that it is possible to pursue both economic viability and social responsibility.